# LITTLE KITES
# DIGITAL MAGAZINE
# 2019-20

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS




# ST. BENEDICT'S
# M.S.C.High School
# Thannithode

## സെന്റ്.ബെനഡിക്ട്

## എം. എസ്.സി.എച്ച്.എസ്

## തണ്ണിത്തോട്

# ലിറ്റിൽ കൈറ്റ്സ്

# ഡിജിറ്റൽ മാഗസിൻ

# "തേൻമാവ്"

# CONTENTS


| | Page No |
|---|---|
| Message | 1 |
| Address Speech | 2 |
| Editors Note | 3 |
| Editorial Board | " |
| **Malayalam Section** | |
| Stories | 4-21 |
| Quiz | 22-27 |
| Poem | 28-29 |
| **English Section** | |
| Stories | 30 |
| Inspiring Thoughts | 31-32 |
| An Autobiography | 33-36 |
| Poem | 37 |
| School Team | 38 |
| Thanks | 39-40 |




# സന്ദേശം



കുട്ടികളുടെ മാനസിക

വിജ്ഞാനവും , സാങ്കേതിക വിദ്യയും

പരിപോക്ഷിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ

8-ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി ഈ സംരംഭം ,

വിദ്യാലയങ്ങളിൽ തരംഗമുണ്ടാക്കി കൊണ്ടിരിക്കുന്നു.

തണ്ണിത്തോട് സെൻ്റ് ബെനഡിക്ട് എം . എസ്. സി . എച്ച്. എസ് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ

കാര്യക്ഷമമായി നടക്കുന്നതിൽ സന്തോഷമുണ്ട്.2019-20 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ

പ്രസിദ്ധീകരിക്കുന്ന "തേൻമാവ്" എന്ന ഡിജിറ്റൽ മാഗസിന്

എൻ്റെ എല്ലാം ആശംസകൾ നേരുന്നു .

എന്ന്,

എം .എം . തോമസ്

സ്കൂൾ ഹെഡ്മാസ്റ്റർ

# ആശംസകൾ



കുട്ടികളിലെ കമ്പ്യൂട്ടർ
പരിജ്ഞാനം
വർധിപ്പിക്കാനായി
സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച
മഹത്തായ സംരംഭമാണ് ലിറ്റിൽ കൈറ്റ്സ്

തണ്ണിത്തോട് സെന്റ് ബെനഡിക്ട് എം എസ് സി എച്ച് എസിൽ നല്ല നിലവാരത്തോടെയാണ് കൈറ്റ്സ് യൂണിറ്റ് പ്രവർത്തിക്കുന്നത്. കുട്ടികളുടെ പരിപൂർണ്ണ

നിയന്ത്രണത്തിൽ പുറത്തിറക്കുന്ന "തേൻമാവ് " എന്ന

ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ അഭിനന്ദിക്കുന്നു.

ആശംസകളോടെ,

ബിനു പി ജോസഫ്

കൈറ്റ്സ് മാസ്റ്റർ

# എഡിറ്റോറിയൽ



വിസ്മയം വിരൽതുമ്പിലെത്തുന്ന ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് സാങ്കേതിക വിദ്യയിൽ പ്രാഗത്ഭ്യം നേടുന്നതിനായി നമ്മുടെ വിദ്യാഭ്യാസ മേഖല ഒരുങ്ങിക്കഴിഞ്ഞു. വിജ്ഞാനത്തോടൊപ്പം വിനോദവും പകർന്നു നൽകാൻ ലിറ്റിൽ കൈറ്റ്സ് എന്ന സംരംഭം നമ്മെ സഹായിക്കുന്നു .സങ്കേതിക പരിജ്ഞാനം വളർത്തിയെടുക്കുക എന്ന ലക്ഷ്യവുമായി എത്തിയ ലിറ്റിൽ കൈറ്റ്സ് ഇന്നൊരു ആവശ്യമായി മാറിക്കഴിഞ്ഞിരിക്കുന്നു .കൈറ്റ്സ് 2019-20 കുട്ടികളുടെ ഒരുമയുടെ പ്രതീകമായ ഡിജിറ്റൽ മാഗസിൻ തേൻമാവ് സവിനയം സമർപ്പിക്കുന്നു .

എല്ലാവർക്കും നന്ദി

ആദിത്യ എസ് ഗോവിന്ദ്

ആദിത്യൻ റെജി ,മിഥുൻ സി എം ,അർജുൻ എസ് നായർ ആദിത്യ എസ് ഗോവിന്ദ്, നിബിയ ബിനു



4

# അമ്മകുരുവിയും കുഞ്ഞണ്ണാന്മാരും



കുന്നിൻ ചരിവിലെ കാട്ടുമരങ്ങളിൽ ഓടിച്ചാടി നടപ്പാണ് ' കുട്ടു ' എന്ന കുഞ്ഞണ്ണാൻ . താഴെ പുൽമേട്ടിൽ മാൻകുട്ടികളും മുയൽക്കുട്ടന്മാരും മേയുന്നുണ്ട് . “കീയോം ......കീയോം” എന്നു കരഞ്ഞുകൊണ്ട് ഒരമ്മക്കുരുവിയും മക്കളും മരിച്ചില്ലകളിൽ പറന്നു നടക്കുന്നുമുണ്ട് .

അപ്പോഴാണ്  കുട്ടുവ കായകൾ നിറഞ്ഞ ഒരു പേരമരം കണ്ടത് . അവൻ വിചാരിച്ചു  :

“ പേരമരത്തിൽ ചാഞ്ചാട്ടം
പേരകായകൾ  വിളഞ്ഞല്ലോ
പേരക്കൊമ്പിൽ ക്കേറേണം
പേരക്കായകൾ  തിന്നേണം ”

പേരമരത്തിലേക്കു ചാടിയ കുട്ടു പിടികിട്ടാതെ വീഴാനൊരുങ്ങി.അപ്പോൾ അമ്മക്കുരുവി പറഞ്ഞു  “കുഞ്ഞണ്ണാനേ , നിനക്ക്  പല കാര്യത്തിലും ശ്രുദ്ധക്കുറവുണ്ട്  . സൂക്ഷിക്കണേ .” അപ്പോൾ കുട്ടു പറഞ്ഞു .   ഈ അമ്മമാർക്ക് ഉപദേശിക്കാനേ നേരമുള്ളൂ , അതു കേട്ടിരുന്നാൽ ഒന്നും നടക്കില്ല .... ഹ ...... ഹ ..... കുട്ടുവാകട്ടെ ഒരു മുട്ടൻ പേരയ്ക്കാ പറി- ച്ചു , കുറച്ചു തിന്നപ്പോഴേ വയർ നിറഞ്ഞു . “ ഓ . മതി ” ബാക്കി അവൻ താഴെ കുറ്റിക്കാട്ടിലേക്കെറി - ഞ്ഞു..... “ ഓ ..... പോട്ടെ ! ”  ഉറങ്ങിക്കിടന്ന പുലി - പ്പങ്കൻ തിരുനെറ്റിയിലാണ്  ഏറു കൊണ്ടത്   “ ഠപ്പ് ഗർർ..... ഞെട്ടിയുണർന്ന പുലിപ്പങ്കൻ പേരമരത്തി - ലേക്കു ചാടി . “ ഹമ്മേ പുലി ! ഞെട്ടിവിറച്ച കുഞ്ഞ - ണ്ണാൻ മറ്റൊരു മരത്തിലേക്കു ചാടി രക്ഷപ്പെട്ടു . കലി

കൊണ്ട പുലിപ്പങ്കൻ ഓടിപ്പോയി .  അപ്പോൾ  കുറെ
പാറകൾ താഴ് വരയിലേക്ക് അടർന്നു വീണു . അവ
ചെന്നിടിച്ച് വലിയ പാറകൾ താഴേക്കു വീണു . അവ -
യ്ക്കടിയിൽപ്പെട്ട് മുയലുകൾക്കും മാനുകൾക്കും പരുക്കേ -
റ്റു . " രക്ഷിക്കേണേ "  അവ . കരഞ്ഞുകൊണ്ടിരുന്നു  -
 എല്ലാം കണ്ട് കുട്ടു സങ്കടപ്പെട്ടു . അപ്പോൾ
അമ്മക്കുരുവി പറഞ്ഞു "    കുട്ടു നിൻെറ  ശ്രദ്ധക്കുറവ്
എന്തെല്ലാം  അപകടങ്ങൾ  വരുത്തിവച്ചു  .
ഇതുണ്ടാവാതിരിക്കാനാണ് അമ്മമാരും  മറ്റു
മുതിർന്നവരും പിന്നാലെ  നടന്ന് കുട്ടികളെ
ഉപദേശിക്കുന്നത്  .  അതനുസരിച്ചാൽ അതിൻെറ
നന്മ  . നിങ്ങൾക്കും മറ്റുള്ളവർക്കുമുണ്ടാകും ."
കുരുവിയമ്മേം , പറഞ്ഞതും സത്യമാണ് . അപ്പോൾ
അമ്മക്കുരുവി  ഓ ർമ്മിപ്പിച്ചു  . നമ്മുടെ ചെയ്തികൾ
 സകലർക്കും  നന്മ വരുത്താനാവേണം  നന്നായ്
സൂക്ഷിച്ചെന്നെന്നും നമ്മൾ ചെയ്യണമോരോന്നും

*അർച്ചന-9C*

7

# പട്ടാളക്കാരനും സ്വർണ്ണകച്ചവടക്കാരനും

ഒരിടത്തൊരിടത്ത് സൗരവ് എന്ന ഒരു സ്വർണ്ണകടച്ചവടക്കാരനുണ്ടായിരുന്നു . അയാൾക്ക് സെക്ക്യൂരിറ്റികളെ ആവശ്യമുണ്ടായിരുന്നു . അതിനായി അയാൾ പത്രത്തിൽ ഒരു പരസ്യം കൊടുത്തു . അത് കണ്ട് ഒരു റിട്ടേയഡ് പട്ടാളക്കാരൻ വന്നു . കുറേ നേരത്തെ ഇന്റെർവ്യൂവിനുശേഷം അയാളെ ജോലിക്ക് നിർത്തി . അന്ന് രാത്രി സൗരവ് കടയടച്ച്പോകാനൊരുങ്ങിയപ്പോൾ പട്ടാളക്കാരനോട് പറഞ്ഞു , രാജ്സിങ്ങേ കടയിൽ കള്ളൻമാരൊന്നും കയറാതെ നോക്കണം 'ശരി ' എന്ന് പറഞ്ഞ് സൗരവ് പോയിക്കഴിഞ്ഞ് . ഏകദേശം ഒരു രണ്ട് രണ്ടരയായിക്കാണും ആ കടയിൽ കള്ളൻ കയറി . കള്ളൻ കയറിയതൊന്നും രാജ്സിങ് അറിഞ്ഞില്ല . മുഴുവൻ സ്വർണ്ണവും എടുത്ത് കള്ളൻ വെളിയിലോട്ടിറങ്ങിയപ്പം കള്ളന്റെ സഞ്ചിയിൽ നിന്ന് ഒരു കിലുകിലോ

കിലുങ്ങുന്ന ഒരു പാദസ്വരം തെറിച്ചുവീണു . ആ ശബ്ദം കേട്ട് രാജ്സിങ് ഉണർന്നു . കള്ളനെ കണ്ടതും ഹാൻസ് അപ്പ് എന്ന് പറഞ്ഞു കള്ളൻ കൈ പൊക്കി പതുക്കെ അവിടെ നിന്ന് മുങ്ങി ഇതൊന്നും അറിയാതെ രാവിലെ വരെ രാജ്സിങ് തോക്കും പിടിച്ച് അവിടെ നിന്നു . രാവിലെ ആയപ്പോൾ സൗരവ് വന്നുനോക്കി- യപ്പോൾ കട കുത്തിതുറന്നിരിക്കുന്നു അടുത്ത് രാജ്സിങ് നിൽപ്പുണ്ടായിരുന്നു സൗരവ് അയാളോടു - ചോദിച്ചു നിങ്ങൾ എന്താ കള്ളൻ വന്നിട്ട് വെടിവെ- യ്ക്കാഞ്ഞത് ? അപ്പോൾ അയാൾ പറഞ്ഞു ആരും എനിക്ക് വെടിവെയ്ക്കാൻ ഓഡർ തന്നില്ല അതു - കൊണ്ടാണ് ഞാൻ വെടിവെയ്ക്കാഞ്ഞത് എന്ന് പറഞ്ഞു ഇത് കേട്ട് സൗരവ് ഞെട്ടിപ്പോയി ഉടൻ തന്നെ അയാളെ ഡിസ്മിസ് ചെയ്തു .

*അഭിജിത്ത്*
**9A**

# 9

# ഐക്യമാണ് ശക്തി



ഒരിക്കൽ  കൈയ്യും കാലും വായും പല്ലും

വയറുമായികലഹമുണ്ടായി. “ഒരു പണിയും ചെയ്യാത്തവനാണ്

വയറ”. ‘എപ്പോഴും എന്തെങ്കിലും കൊണ്ടുവാ എന്ന്

പറഞ്ഞുകൊണ്ടിരിക്കും  " .കൈ പറഞ്ഞു.

“സരിയാ ഞാൻ കാണുന്നതൊക്കെ അവന് വേണം വലിയ കൊതിയനാ” .കണ്ണ് കുറ്റപപ്പെടുത്തി.“അവൻ അനങ്ങിയില്ല കിട്ടുന്നതു മുഴുവനും ഞാൻ ചവച്ചരച്ച്  കൊടുക്കണം . അകത്താക്കിയാൽ  ഒരു നന്ദി വാക്കുപ്പോലും പറയില്ല ”. വായ ദേഷ്യത്തോടെ പറഞ്ഞു.  “ നമുക്കൊരു കാര്യം ചെയ്യാം, ഇനി നമുക്ക് വയറിന് ഒന്നും കൊടുക്കണ്ട . അവൻ തിന്നുന്നതൊന്ന് കാണാമല്ലോ ! അവന്റെ അഹങ്കാരം കുറയ്ക്കാൻ അതേ ഒരു വഴിയുള്ളൂ ”. കാലുകൾ പറഞ്ഞു .

## 10

എല്ലാവരും അത് സമ്മതിച്ചു. ഇതെല്ലാം കേട്ട് വയറ് മിണ്ടാതിരുന്നതേയുള്ളൂ. ദിവസങ്ങൾ നീങ്ങി. കൈയ്യിനും കാലിനും കണ്ണിനും വായ്ക്കും പഴയതു -പോലെ ഒന്നിനും ഒരു ഉത്സാഹവുമാല്ലാതായി. നല്ല ക്ഷീണം. കുറച്ച് കഴിഞ്ഞപ്പോൾ അത് വലിയ തളർച്ചയായ്മാറി. അപ്പോൾ വയർ പറഞ്ഞു; "സുഹൃത്തുക്കളെ , നമ്മൾ തമ്മിൽ ശണ്ഠകൂടിയിട്ട് ഒരുകാര്യവുംമില്ല. നമ്മളിൽ ആരുടെയും ജോലി മോശമല്ല. നിങ്ങൾ എനിക്ക് തരുന്നതിൽ നിന്നാണ് നിങ്ങൾ എനിക്ക് തരുന്നതിൽ നിന്നാണ് നിങ്ങൾക്കുള്ള ഊർജം കിട്ടുന്നത് . ആ ഊർജമാണ് നിങ്ങൾക്ക് പിന്നെയും പിന്നെയും ആഹാരം സമ്പാദിക്കാനുള്ള ശക്തി തരുന്നത്. ഒന്ന് മനസ്സിലാക്കുക , നിങ്ങളില്ലെങ്കിൽ എനിക്കോ ഞാനില്ലെങ്കിൽ നിങൾക്കോ ജീവിക്കാനാവില്ല അവയവങ്ങൾക്ക് തങ്ങളുടെ തെറ്റ് മനസ്സിലായി.

"നമ്മുടെ കാന്യത്തിൽ മാത്രമല്ല, ലോകത്തിലെ ഏത് പ്രവർത്തനവും ഇതുപോലെ ബന്ധപ്പെട്ടാണ് കിടക്കുന്നത് . അത് മനസ്സിലാക്കാൻ നമ്മൾ വൈകി". അവയവങ്ങൾ പരസ്പരം കുറ്റബോധത്തോടെ പറഞ്ഞു.

സൂര്യ

9A

# 11
# ബുദ്ധി



സിംഹവും കുറുക്കനും ചെന്നായയും കൂടി ഒരിക്കൽ ഒരു മാനിനെ പിടികൂടി. "സുഹൃത്തേ , ഈ മാനിനെഒന്നു പങ്കുവയ്ക്കൂ". സിംഹം ചെന്നായയോട് പറഞ്ഞു . ചെന്നായ മാനിനെ തുല്യ  അളവിൽ മൂന്നായി വീതിച്ചു. മാൻ മൂന്നുപേർക്കും അവകാശപ്പെട്ടതാണല്ലോ.

പക്ഷേ സിംഹത്തിനത് തീരെ രസിച്ചില്ല. അവന് അതിയായ കോപം വന്നു. അലറിക്കൊണ്ട് ചെന്നായയുടെ കഥകഴിച്ചു. എന്നിട്ട് സിംഹം കുറുക്കന്റെ നേരെ തിരിഞ്ഞു."സുഹൃത്തേ , ഭക്ഷണം കഴിക്കാനുള്ള സമയമ വൈകി. വേഗംപങ്കുവയ്ക്കൂ" കുറുക്കൻ വല്ലാത്ത വിഷമത്തിലായി. പക്ഷേ, അവൻ ഭാവമാറ്റം പുറത്ത് കാട്ടിയില്ല. അവന്റെ വായിൽ ഒരു കൊള്ളാവുന്ന ഇറച്ചി മാത്രം കടിച്ചെടുത്തു .ബാക്കി മുഴുവനും സിംഹത്തിന്റെ മുന്നിലേക്ക് നീക്കിവച്ചു."ദാ,എനിക്കൽപ്പം മതി,ബാക്കി മുഴുവനും അങ്ങ് കഴിച്ചാലും". കുറുക്കൻഭവ്യതയോടെ പറഞ്ഞു.നീ

മിടുക്കൻ തന്നെ. ഇങ്ങനെ പങ്കുവയ്ക്കാൻ നീ എങ്ങെന പഠിച്ചു? പുഞ്ചിരിയോടുകൂടി സിംഹം ചോദിച്ചു .

"മറ്റാരുമല്ല ,ചത്തുകിടക്കുന്ന ആ ചെന്നായയാണ് എന്നെ ഇത് പഠിപ്പിച്ചത്".

*കെസിയ*

***9B***



# ജീവൻ നിലനിർത്തുന്ന പ്രകൃതി

മരം ഒരു വരം എന്ന മുദ്രവാക്യം നാം അനേകം തവണ അനേകം ഇടങ്ങളിൽ കേട്ടിരിക്കുന്നു . മനുഷ്യൻ സംരക്ഷിക്കേ അവന്റെ ജീവൻ നിലനിർത്താൻ അവശ്യ - ഘടകമായ പ്രകൃതിയുടെ വരമാണ് മരം. എന്നാൽ നാം മരത്തിന്റെ സംരക്ഷിതർതന്നെയാണോ?. ഒന്നു ചിന്തിച്ചാൽ നാം നമ്മുടെ ജീവൻ നിലനിർത്തുന്ന വൃക്ഷങ്ങൾക്ക് ഗുണ- കരമായി ഒന്നും ചെയ്യുന്നില്ല. എല്ലാം ദോഷത്തിന് മാത്രം. കാടുകൾ വെട്ടിത്തെളിച്ച് അവിടെ അംബരചുംബികളായ കെട്ടിടങ്ങൾ പണിതുയർത്തുന്നു, അതിൽ സന്തോഷം കൊള്ളുന്നു. എന്നാൻ കുറേ വർഷം കഴിഞ്ഞ് നാം ഒരുമിച്ച് കരയേണ്ട അവസ്ഥക്കാണ് ഇന്ന് തിരി

കൊളിത്തുന്നതെന്ന് മനസ്സിലാക്കുന്നില്ല. എന്നാൽ ഈ ലോകത്ത് എല്ലാവരും മരത്തെ നശിപ്പിക്കുന്നവരല്ല, അനേകം പ്രകൃതി സ്നേഹികൾ നമുക്ക് മുൻപിലുണ്ട് എന്നറിഞ്ഞപ്പോൾ ഒരുപാട് സന്തോഷവും അവരെക്കുറിച്ചറിയാനുള്ള ജിജ്ഞാസയും എനിക്കുണ്ടായി. സാധാരണ ഏതു സമരത്തിനും മുന്നിട്ടിറങ്ങുന്നത് പുരുഷന്മാരാണ് എന്നാൻ 1973-ൽ ഏതാനും സ്ത്രീകൾ വൃക്ഷ സംരക്ഷണത്തിനായിമുന്നിട്ടിറങ്ങി. അവരുടെ ഈ നീക്കംവ "Chipko movement'' എന്നാണറിയപ്പടുന്നത്. ഉത്തർപ്രദേശിൽ ഒരു പററം സ്ത്രീകൾ,മരം വെട്ടാൻ വന്നപ്പോൾ മരത്തെ കെട്ടിപ്പിടിച്ച് നിന്ന് വൃക്ഷസംരക്ഷിതരായി.എന്നും അവർക്ക് പ്രാണവായു നൽകുന്ന മരങ്ങൾ  സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണെന്ന് കാട്ടി എല്ലാവർക്കും അവർ മാതൃകയായി. ഉത്തർപ്രദേശിലെ  സ്ത്രകളെപ്പോലെ മാതൃകയാക്കേമെറ്റൊരു സ്ത്രയാണ് ജമനടുഡു. ആയിരക്കണക്കിന് മരങ്ങൾക്ക് കാവൽക്കാരിയായ ഒരു ലേഡി ടാർസനാണ് ജമുന. ഒഡീഷയിൽ നിന്നും ജാർഖണ്ഡിന്റെ മരുമകളായി എത്തിയവൾ 1998 ൽ 5 സ്ത്രീകളുടെ പിന്തുണയോടെ ഗ്രാമത്തോട്

ചേർന്നുള്ള 50 ഏക്കർ കൈയ്യേറിയ മാഫിയയെ തുരത്താൻ തന്റെ പ്രവർക്കനം തുടങ്ങിയ ജമുന 2013 ൽ രാജന്തര ഗോഡ്ഫ്രേധീര പുരസ്കാരങ്ങൾക്കുടമയാണ്.

രാജ്യത്തിന്റെ വികസനത്തിന് വൈദ്യുതി ആവശ്യമാണ്. കുറഞ്ഞ ചിലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ വൻകിട ജലവൈദ്യുത പദ്ധതികൾക്ക് രൂപം നൽകുമ്പോൾ ധാരാളം വനഭ്രമി നഷ്ടമാകുന്നു . ഈ വനഭ്രമിയിലുള്ള ആവാസ വ്യവസ്ഥ പുനഃസ്ഥാപിച്ചെടുക്കാൻ ചിലപ്പോൾ കഴിയാതെ വരുന്നു . അവിടുള്ള ജനങ്ങളുടെ പുനരധിവാ-സം , ജീവജാലങ്ങളുടെ നിലനിൽപ്പ് ഇവയ്യൊന്നും കോട്ടം തട്ടാതെ വികസനം സാധ്യമാക്കുന്നതിന് പ്രവർത്തിച്ച നർമത ബച്ചാവോ ആന്തോളൻ , ജങ്കിൾ ബച്ചാവോആന്തോളൻ തുടങ്ങിയ സംഘടനകളുടെ പ്രവർത്തനം പ്രത്യേകം എടുത്ത് പറയേണ്ടതാണ് . നർമത ബച്ചാവോ -ആന്തോളൻ നേതാവ് മേധപട്കർ , ബാവാ ആമ്ദേവ് എന്നിവർക്കും ജങ്കിൾ ബച്ചാവോ ആന്തോളൻ നേതാവ് രാജേന്ദ്രസിംങ്ങിനും ലഭിച്ച അന്തർദേശീയ ബഹുമതികൾ പ്രകൃതി സംരക്ഷണത്തിന് ലഭിച്ച അംഗീകാരമാണ് . ജലവൈദ്യുത പദ്ധതിയായ സൈലന്റ് വാലി പ്രോജക്ട് കേന്ദ്രസർക്കാർ നടപ്പിലാക്കാൻ

തീരുമാനിച്ചു . ഇത്തരത്തിലുള്ള പദ്ധതികൾ വനത്തിലുള്ള പല ജീവജാലങ്ങൾക്കും വംശനാശം സംഭവിക്കാൻ ഇടയാക്കും .അതിൽ പ്രധാനമാണ് സിംഹവാലൻകുരങ്ങ്. പ്രമുഖ കവയത്രിയായസുഗതകുമാരിയുടെ " മരത്തിന് സ്തുതി "എന്ന കവിത സൈലന്റ് വാലിയുടെ സമ്പന്നമായ വൃക്ഷങ്ങൾ സംരക്ഷിക്കണം എന്ന ആഹ്വാനമാണ് . മേനോൻ കമ്മിറ്റി പ്രദർശിപ്പിച്ച റിപ്പോർട്ട് പഠിച്ചതിനു ശേഷം അന്നത്തെ പ്രധാനമന്ത്രി 1984 ഒക്ടോബർ 31 – ന് സൈലന്റ് വാലി പ്രോജക്ട് നിർത്തിവച്ചു . റിപ്പബ്ലിക് ദിനത്തിൽ പത്മഭൂഷൺ പുരസ്കാരം കേന്ദ്രസർക്കാർ പ്രഖ്യാപിച്ചു . അതിനർഹരായ 4 പേർ മലയാളികളാണ് . അവരിൽ ഒരാളായ ലക്ഷ്മിക്കുട്ടിയമ്മ ഒരാദിവാസിയാണ് . 500 ഓളം കാട്ടുമരുന്നുകൾ തയാറാക്കി വിഷത്തിനെതിരെ ചികിത്സനടത്തുന്നു . 1995 ൽ ഇവർക്ക് നാട്ടുവൈദ്യരത്ന-പുരസ്കാരം ലഭിച്ചു . കാട്ടുചികിത്സയും മനുഷ്യനിലനിൽപ്പിന് ആവശ്യ- മാണെന്ന് ജനങ്ങൾക്ക്മനസ്സിലാക്കാൻ ഉത്തമ ഉദാഹരണമാണ് ലക്ഷ്മിക്കുട്ടിയമ്മക്ക് നൽകിയ പത്മഭൂഷൺ പുരസ്കാരം

*മിഥുൻ-9C*



# വായിച്ച വളരുക.....

" കൈയ്യിൽ ഒരു വാളും പോക്കറ്റിൽ ഹോറിന്റെ ഒരു ഗ്രന്ഥവുമുങ്കിൽ ഞാൻ എന്റെ വഴിവെട്ടിത്തെളിക്കും"എന്നനെപ്പോളിന്റെ വാക്കുകൾ വായനയുടെ ശക്തി ധ്വനിപ്പിക്കുന്നു. വായനമനസ്സിന്റെ ഭക്ഷണമാണ് . മനസ്സിന്റെ ശരിയായ വളർച്ചയ്ക്കും നിലനിൽപ്പിനും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് ത്വ മനോഭാവവും ഒരാളിൽ ഒളിയിടുകയുള്ളൂ. നല്ല ഗ്രന്ഥങ്ങൾ ഉറ്റ ചങ്ങാതിമാരെ പ്പോലയാണ്.എന്തു വായിച്ചുവന്നതല്ല, വായിച്ച പുസ്തകങ്ങളിൽ നിന്നും എന്തു നേടി എന്നതാണ് പ്രധാനം വേധനയിൽ നിന്നും ആശ്വാസം പകരാനും ശുഭാപ്തിവിശ്വാസമുറപ്പാക്കാനും ധൈര്യപൂർവ്വം പ്രശ്നങ്ങളെ നേരിടാനും പ്രാപ്തനാക്കുന്നത്വായനതന്നെ. വായിച്ച തള്ളാതെ വായിച്ച

കൊള്ളാനാണ് നാം തുനിയേണ്ടത്. സംസ്കാരത്തിന്റെ ആധാരം വായനയാണ്. വായനശീലം ഒരാളിൽ സംസ്കാരത്തിന്റെ പ്രകാശം പരത്താൻ വായനപോലെ ഉതകുന്ന മറ്റൊന്നുമില്ല. ഗ്രന്ഥങ്ങളെകെടാവിളക്കുകളോട് ഉതകുന്ന മറ്റൊന്നുമില്ല. ഗ്രന്ഥങ്ങളെ കെടാവിളക്കുകളോട് ഉപമിക്കാറുണ്ട്. കെടാവിളക്കുകൾ പേരുപോലെതന്നെ കെട്ടുപോകുന്നതല്ല. അതുകൊണ്ടാണ് ഉത്തമഗ്രന്ഥങ്ങളെ വിജ്ഞാനികൾ കെടാവിളക്കുകളോട് സാദൃശ്യപ്പെടുന്നത് .

ഓരോ വ്യക്തിയുടെയും സ്വഭാവരൂപവത്കരണത്തെ ഏറെ സഹായിക്കുന്നത് വായനയാണ്. “പുസ്തകത്തിലൂടെ വളരാത്തവൻ മൃഗമാണ്"എന്നെഴുതികൊണ്ട് ഷേക്സ്പിയർ വായനയുടെ മഹത്വമാണ്  വിളിച്ചു പറയുന്നത്. അച്ചടക്കവും കർമതന്റെടവുമുള്ള ജനതയെ വളർത്താൻ വായനയെ പ്രോത്സാഹിപ്പിക്കുക മാത്രമാണ് മാർഗമെന്ന് ഗാന്ധിജിയും വിശ്വസിച്ചിരുന്നു. മനുഷ്യന്റെ മഹത്വം മനസ്സിന്റെ ശ്രേഷ്ഠതയാണ്. സ്വതന്ത്രമായി ചിന്തിക്കുന്നതിനും സ്വന്തം മനസ്സാക്ഷിയുടെ പിൻബലത്തെ ആശ്രയിക്കുന്നതിനും ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നത് ഉത്തമഗ്രന്ഥ പാരായണമാണ്. തെളിഞ്ഞ വായനയിലൂടെ മാത്രമേ  മനുഷ്യ സ്നേഹവും സഹവർത്തിത്വ മനോഭാവവും ഒരാളിൽഒളിയിടുകയുള്ളൂ. നല്ല ഗ്രന്ഥങ്ങൾ ഉറ്റ ചങ്ങാതിമാരെ പ്പോലയാണ്.എന്തു വായിച്ചുവന്നതല്ല, വായിച്ച പുസ്തകങ്ങളിൽ നിന്നും എന്തു നേടി എന്നതാണ് പ്രധാനം വേധനയിൽ നിന്നും ആശ്വാസം പകരാനും ശുഭാപ്തിവിശ്വാസമുറപ്പാക്കാനും

ധൈര്യപൂർവ്വം പ്രശ്നങ്ങളെ നേരിടാനും പ്രാപ്തനാക്കുന്നത് വായനതന്നെ. വായിച്ച് തള്ളാതെ വായിച്ച് കൊള്ളാനാണ് നാം തുനിയേണ്ടത്. സംസ്കാരത്തിന്റെ ആധാരം വായനയാണ്.

**നമ്മുക്ക് വായിച്ച് വളരാം!!!!!!!**

***അരവിന്ദ് എം എസ്***

***9A***

# ഇന്ത്യയുടെ രത്നം



ജവഹർ എന്നാൽ രത്നം എന്നാണ്

അർഥം . ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി പണ്ഡിറ്റ്

ജവഹർലാൽ നെഹ്റു എല്ലാ അർഥത്തിലും ഒരു

രത്നമായിരുന്നു . രാഷ്ട്രതന്ത്രജ്ഞ-ൻ , ഭരണാധികാരി ,

എഴുത്തുകാരൻ ,ചിത്രകാരൻ , തത്ത്വജ്ഞാനി തുടങ്ങി

നിരവധി രംഗങ്ങളിൽ പ്രഭ ചൊരിഞ്ഞ ഉജ്ജ്വല വ്യക്തി-

ത്വമായിരുന്നു നെഹ്റുവിന്റേത്. ഇന്ത്യയുടെ

സാംസ്കാരികവും വ്യാവസായികവുമായ പുരോഗതിക്ക്

അടിത്തറ പാകിയത് നെഹറുമാണ് . എല്ലാത്തിനു-
മുപരി ഒരു നല്ല കഥാകൃത്തായിരുന്നു അദ്ദേഹം.

1) ആത്മകഥ ( An Autobiography ) ,

2) ഇന്ത്യയെ കണ്ടെത്തൽ ( The Discovery - of India ) ,

3) ഇന്ത്യയിൽ 18 മാസം ( Eighteen months in India )

4) വിശ്വചരിത്രാവലോകനം ,

5) ഇന്ത്യയും ലോകവും ,

6) ഇന്ത്യയുടെ ഐക്യം ,

7) ഒരു കൂട്ടം പഴയ കത്തുകൾ .

**ശിശുദിനം** : ജവഹർലാൽ നെഹ്റു കുട്ടികളെ വളരെയധികം സ്നേഹിച്ചിരുന്നു . പൂക്കളെയും കുഞ്ഞുങ്ങളെയും വളരെയധികം സ്നേഹിച്ച നെഹ്റുവിന്റെ ജന്മദിനമാണ് ( നവംബർ 14) ശിശുദിനമായി ആഘോഷിക്കുന്നത് .

ആദിത്യ

9C

# പൊതുവിജ്ഞാനം

1. വിശ്വനാഥൻ ആനന്ദ് ഏത് രംഗത്താണ് പ്രശസ്ത-
നായത്  ?

ഉത്തരം :  ചെസ്സ് .

2. താജ്മഹൽ ഏത് നഗരത്തിലാണ് ?

ഉത്തരം :  ആഗ്ര .

3. ലോകത്തിലെ ഏറ്റവും നീളമുള്ള നദി ?

ഉത്തരം : നൈൽ .

4. ഏത് ചക്രവർത്തിയുടെ സദസ്സിലെ
അംഗമായിരുന്ന
വീർബൽ ?

ഉത്തരം : അക്ബർ .

5. കാൽ ഒടിഞ്ഞുപ്പോയാൽ പുതിയ കാൽ വളരുന്ന
ജീവി ?

ഉത്തരം :  ഞണ്ട് .

6.സൂര്യനിലെ പ്രധാനഘടകം ?

ഉത്തരം : ഹൈഡ്രജൻ .

**23**

7. മലയാള ഭാഷയുടെ പിതാവ് ?

ഉത്തരം : എഴുത്തച്ഛൻ .

8. പുല്ലുവർഗത്തിലെ ഏറ്റവും വലിയ സസ്യം ?

*ഉത്തരം : മുള*

***നിബിയ***

***9A***

# ചോദ്യങ്ങളും ഉത്തരങ്ങളും

1) ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാസ്ഥാ-പനം ഏത് ?

ഉത്തരം : ഇന്ത്യൻ റെയിൽവേ .

2) ആയുർവേദശാസ്ത്രത്തിന്റെ ദേവതയായി കണക്കാ-ക്കുന്നതാരെയാണ് ?

ഉത്തരം : ധന്വന്തരി.

3) ജി .ശങ്കരക്കുറിപ്പിന് ജ്ഞാനപീഠ പുരസ്കാരം നേടി കൊടുത്ത കൃതി ?

ഉത്തരം : ഓടക്കുഴൽ .

4) സുപ്രകോടതി ജഡ്ജിയായ ആദ്യ കേരളീയ വനിത ?

ഉത്തരം : ഫാത്തിമാ ബീവി .

5) മഹാഭാരതത്തിലെ വ്യാസന്റെ മാതാവിന്റെ പേര്?

ഉത്തരം : സത്യവതി .

6) താരകാസുരനെവതിച്ചതാരായിരുന്നു ?

ഉത്തരം : കാർത്തികേയൻ ( ശ്രീ മുരുകൻ ) .

7) ശ്രീകൃഷ്ണൻ ജീവിച്ചിരുന്ന യുഗമേത് ?

ഉത്തരം :ദ്വാപരയുഗം.

8) അഭിമന്യുവിന്റെ മാതാവിന്റെ പേര് ?

ഉത്തരം :സുഭദ്ര .

9) ഭീഷ്മരോട് പകവീട്ടിയ രാജകുമാരി ആരായിരുന്നു ?

ഉത്തരം :അംബ .

**അശ്വതി**

**9B**

# കുസൃതി ചോദ്യങ്ങൾ

1. കഴുത്തിലിടാൻ ആഗ്രഹിക്കാത്ത മാല ?

ഉത്തരം : തിരമാല

2 .ആരും കൂട്ടാത്ത കറി ?

ഉത്തരം : ബേക്കറി

3 . മൃഗങ്ങൾ കടിക്കാത്ത ചെടി ?

ഉത്തരം : പച്ചടി

4. ലൈൺസില്ലാത്ത ഡ്രൈവർ ?

ഉത്തരം : സ്ക്രൂഡ്രൈവർ

5 . ആരും കയറാത്ത ബസ് ?

ഉത്തരം : സിലബസ്

6. ആരും താമസിക്കാത്ത സിറ്റി ?

ഉത്തരം : ഇലക്ട്രിസിറ്റി

7. അടുക്കളയിൽ കയറാത്ത പാൻ ?

ഉത്തരം : ജപ്പാൻ

8. ഏറ്റവും വലിയ തല ?

ഉത്തരം : മുതല

9. ചീകാൻ പറ്റാത്ത മുടി ?

ഉത്തരം : കൊട്ടമുടി

10 . സൂര്യന്റെ ജന്മദിനം എന്നാണ് ?

ഉത്തരം : സൺഡേ

11. വായിലൂടെ സഞ്ചരിക്കുന്ന ഗേറ്റ് ?

ഉത്തരം :കോൾഗേറ്റ്

12. കഴിക്കാൻ പറ്റാത്ത ച്ചോറ് ?

ഉത്തരം : തലച്ചോറ്

**അർജുൻ-9B**

28

# നക്ഷത്രം



വർണ്ണമിണങ്ങി  തെളിഞ്ഞൊരു
വാർമഴവില്ലിനെ തോളിലേറ്റി -
മിന്നമിന്നാമിന്നുന്ന ആകാശം
ഗോപുരത്തിലൊരു ദീപമായി മിന്നുന്ന
നക്ഷത്രമേ വിശാലമാമൊരു വാനിലാരോ
ദീപം തെളിച്ച് പോലെന്നോ
നിൻ  നറുങ്ങു  വെട്ടം

## 29

പാരിൽ  വിളങ്ങുന്ന

പ്രകാശദീപത്തിൽ നിന്നുദിച്ച വെള്ളിനക്ഷത്രമേ .....

നിൻ വെളിച്ചം എൻ ഹൃദയത്തിൽ

വിളക്കായി മിന്നുന്ന കുഞ്ഞു നക്ഷത്രമേ ......


സോന


9C

# ENGLISH STORY

He was jealous of his younger brother and began to think that he should have kept the paddy field for himself. One day Raghav came to the conclusion that the division of the property had not been fair and that he should have got the paddy field for himself.So he decided to dress up as a ghost a frighter his brother off his property. Every evening he dressed up in a white sheet and crept into his brother's paddy field. There near the well he would make fearful noises in order to frighten Vinay and his family.Raghav succeeded in frightening Vinay. His wife refused to go near the well in the day time. Raghav was happy that his plan was succeeding. But one evening when Raghav dressed up a usual in the white sheet and went to the feild,he slipped and accidentally fell into the well.

Shijini 9B

# ***INSPIRING THOUGHTS***




*‘’The ‘dream – thought – action’Philosophy is
what I would like to be incuicated in each and
every students’’
* ‘’When learning is purposeful, creativity blossoms
when craetivity blossoms, thinking emanates
when thinking emanates, knowledge is lit
when knowledge is lit, the nation progresses’’
* ‘’Learning gives creativity
Creativity leads to thinking
Thinking provides knowledge
Knowledge makes you great’’
* ‘’Don’t take rest after your first victory because if you fail in second. More lips are waiting to say that your first victory was just luck.’’

**Albin**
**9B**

# WHAT IS MATURITY?



* Knowing yourself
* Asking for help when I need it and acting on my own when I don’t
* Having an opinion with out insisting that others share it.
* For giving myself and others
*Seeking that life is blessing
*Recognizing my short comings and strengths

Vinaya
9C

# WILMA RUDOLPH
# A STORY OF DETERMINATION



Wilma Rudolph overcame long odds become one of the world's best known athletes. How and why she did what she did are as amazing as her accomplishments. She was born June 23, 1940 in Bethlehem, Tennessee. She was born premature, or early, and so she she was a weak baby. She was born into a large family(the 20 of 22 children), in a time when African American weren't at the top of the list to get help at America's finest hospitals. She had many diseases as a child ,including

polio, scarlet fever and pneumonia, one result of this was that her left legwas partially deformed.She would' t give up however and was determined  to be  any other child. She wore braces to help herself walk. Her family gave her daily massages on  her   leg and also drove her tu physical therapy session . All of these things put together led to  development of Wilma's taking off the braces entirely when she was 9.Two years later she was playing basketball. In her later life she was fond of saying this ,"my doctor told me i would believed   my mother told me i would never walk again. My mother told me i would believed my mother."Rudolph proved to be a remarkable athlete and caught the attention of the track coach at nearby Tennessee state university who coached her in track throughout her school years. She never lost a high school track meet andattended collage practices while she was still in high school. At age 16, Wilma completed for and won a spot on the U .S Olympic team. The 4= 100

meter relay won the bronze medal at the 1956 Olympics in Melbourne, Australia. She kept running and got better.  She enrolled at Tennessee state and continued to win track meet. At the 1960 Olympic in Rome she became the first American woman-white or black- to win threeGold medals in one Olympics. She won the 100 meters, 200 meters and4*100mrtre relay. Many people called her the associated press female athlete of the year.Suddenly, Wilma Rudolph, who was once a little girl who couldn't walk without the helps of leg braces , was an international track star , she toured other countries. Winning big cheers in England ,Germany,Greece and the Netherlands, when she spoke people listened. Rudolph remained a public figure,working to help young athletes get better and to improve the rights of African-Americans. She worked as a track coach at DePauw university , in Indiana. She created the Wilma Rudolph foundation to help young athletes get the

recognition and support they deserved. She was voted into the U. S. National track and field Hall of fame. She was also a sports commentator. In 1963, she ,married Robert Eldridge: they had four children. Sadly, she died of brain cancer on November 12,1994. she was just 54. She was remembered as an Amazing athlete and a powerful voice for African-Americans and their struggle for equality.

“Never underestimate the power of dreams and the influence of the human spirit. We are all the same in this motion .The potential for greatness lives within each of us”

- Wilma Rudolph

Anjima

9B

# ***TEACHER***



**Teacher,** my teacher
Is always a helpful source
The one who lead me in a good path

With splendid advice
Teacher, my teacher
Is a good instructor
Who teaches me all alert
Obedience 's Respect &Honour,
Teacher; my dedicated teachers
Is a good mother
The one who gives me knowledge
and wisdom, future life

Jinu george
9A

# കൈറ്റ് മാസ്റ്റേഴ്സ്
# &
# കൈറ്റ് മെമ്പേഴ്സ്



സുനിത ടീച്ചർ



ബിനു സാർ




കൈറ്റ്സ് മെമ്പേഴ്സ്

# ഏവർക്കും നന്ദി

"തേൻമാവ് "എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ ഞങ്ങളെ സഹായിച്ച ഹെഡ്മാസ്റ്റർ , കൈറ്റ്സ് മാസ്റ്റേഴ്സ് , കൈറ്റ് മെമ്പേഴ്സ് , പ്രിയ അദ്ധ്യാപകർ, സുഹൃത്തുക്കൾ....... ഏവർക്കും നന്ദി......

അഭിജിത്ത് .എസ്
ആദിത്യൻ .റെജി

# *THE END........*